എങ്കിൽ ഏതെല്ലാം വ്യക്തികളിൽനിന്ന് എന്ത് സ്ഥലം വീതം എത്ര രൂപാ പ്രകാരം വാങ്ങിയെന്ന് വ്യക്തമാക്കുമോ ; ഇതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചു ;

(സി) ഭൂരഹിതർക്ക് സർക്കാർ മുൻവർഷങ്ങളിൽ സൗജന്യ നിരക്കിൽ നൽകിയ ഏതെല്ലാം ഭൂമി ഇങ്ങനെ വാങ്ങിയ ഭൂമിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ഭൂരഹിതർക്ക് സൗജന്യ നിരക്കിൽ നൽകിയ ഭൂമി സർക്കാർ ഫണ്ട് ഉപയോഗിച്ച് പൊന്നും വിലയ്ക്ക് തിരിച്ചുവാങ്ങുന്നതിനുള്ള അനുവാദം അനെർട്ടിന് ഗവൺമെന്റ് നൽകിയിട്ടുണ്ടോ ;

(ഇ) നിയമാനുസൃതമല്ലാതെ നടന്ന പ്രസ്തുത ഇടപാടുകൾ റദ്ദ് ചെയ്യുന്നതിനും ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടി കൈക്കൊള്ളുന്നതിനും തീരുമാനിക്കുമോ ?

ഉത്തരം

(എ) ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്. ആസ്ഥാനമന്ദിരത്തിന്റെ പണിതുടങ്ങുന്നതിന്, സൈറ്റ് ബി.എസ്.എൻ.എൽ.(സിവിൽ)-ന് കൈമാറി. കെട്ടിടം പണിയുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങളായ സൈറ്റ് ക്ലിയറൻസ്, ചുറ്റുമതിൽ നിർമ്മിക്കൽ എന്നിവ പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. ഭൂമി വാങ്ങിയതു സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി-ഇ) കളക്ടറുടെ നേതൃത്വത്തിലുള്ള ഒരു സമിതിയാണ് റവന്യൂ വകുപ്പിന്റെ അനുവാദത്തോടുകൂടി ഭൂമി കണ്ടെത്തി പൊന്നും വിലയ്ക്കെടുത്തത്. ഭൂമിക്ക് പ്രസ്തുത സമിതി നിശ്ചയിക്കുന്ന തുക നൽകുക മാത്രമാണ് അനെർട്ട് ചെയ്തിട്ടുള്ളത്. മറ്റ് നടപടിക്രമങ്ങളിൽ അനെർട്ടിന് പങ്കില്ല.

കൃഷിയനുബന്ധ മേഖലയിലെ വളർച്ചാ നിരക്ക്

199 (4262) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിയനുബന്ധ മേഖലകളിൽ 2005-06-ലെ വാർഷിക വളർച്ച എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2006-09-ൽ കൃഷിയനുബന്ധ മേഖലയിലെ വാർഷിക വളർച്ചാ നിരക്ക് സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ എത്ര ശതമാനം വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും താരതമ്യപഠനം സർക്കാർ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) കൃഷിയനുബന്ധ മേഖലയിൽ ഇപ്പോൾ നെഗറ്റീവ് വളർച്ചയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ അത് പോസിറ്റീവ് വളർച്ചാ നിരക്കിലേക്ക് കൊണ്ടുവരുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിശദമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. അത് ശേഖരിച്ചു വരുന്നു.

കാർഷിക ഉപദേശക സമിതികൾ

200 (4263) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ഉപദേശക സമിതികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ കർഷകരുടെ ക്ഷേമത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) ആരൊക്കെയാണ് ഇതിലെ അംഗങ്ങളെന്ന് വെളിപ്പെടുത്തുമോ ;

(സി) കാർഷിക ഉപദേശക സമിതികൾ അവസാനമായി പുനഃസംഘടിപ്പിച്ചതെപ്പോഴാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കാർഷിക ഉപദേശക സമിതി പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എപ്പോൾ പുനഃസംഘടിപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കൃഷി ഭവന്റെ പ്രവർത്തനങ്ങളെ വിലയിരുത്താനും നിരീക്ഷിക്കാനും ഉപദേശക സമിതികൾക്ക് കൂടുതൽ അവസരങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കർഷകരുടെ ക്ഷേമത്തിനായി കാർഷിക വികസന സമിതികൾ മുഖേന പഞ്ചായത്തിലെ കർഷകർ, കൃഷി രീതികൾ, മണ്ണ് എന്നിവയുടെ സ്ഥിതിവിവര കണക്കുകളുടെ വ്യക്തമായ വിവരങ്ങൾ ശേഖരിക്കുകയും അതാതു പ്രദേശത്തിന് അനുയോജ്യമായതും കാർഷിക വികസനത്തിന് ഉതകുന്നതുമായ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിക്കുകയും അത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

2. കൃഷി വകുപ്പിലെ വിവിധ സ്കീമുകളുടെ പരിധിയിൽപ്പെടുത്തി നിർദ്ദിഷ്ട മാനദണ്ഡപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു.

3. വരൾച്ച, വെള്ളപ്പൊക്കം മുതലായ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ കൃഷിക്കാർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തര സഹായം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നു.

4. ഗുണനിലവാരമുള്ള ജൈവരാസവളങ്ങൾ കർഷകർക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly